"ഭരണഭാഷ - മാതൃഭാഷ"

നം. H3/29390/15

സാമൂഹ്യനീതി ഡയറക്ടറേറ്റ്
വികാസ് ഭവൻ, തിരുവനന്തപുരം
തീയതി: 17.07.2015

## സർക്കുലർ

വിഷയം : സാമൂഹ്യനീതി വകുപ്പ് - വിവിധ അവാർഡുകൾക്കായി അപേക്ഷ സ്വീകരിക്കേണ്ട മാനദണ്ഡങ്ങൾ - സംബന്ധിച്ച്.

സൂചന :

കേന്ദ്ര / സംസ്ഥാന സർക്കാർ നൽകിവരുന്ന വിവിധ അവാർഡുകൾക്കായി ജില്ലാ കാര്യാലയങ്ങളിൽ സ്വീകരിക്കുന്ന അപേക്ഷകൾ ജില്ലാ സാമൂഹ്യനീതി ഓഫീസറുടെ വിശദമായ റിപ്പോർട്ടും ശുപാർശയും സഹിതം ഈ കാര്യാലയത്തിൽ നിശ്ചിത തീയതിക്കകം ലഭ്യമാക്കണമെന്ന് സർക്കുലർ മുഖേന വ്യക്തമായ നിർദ്ദേശം നൽകാറുണ്ടെങ്കിലും പല ജില്ലാ ഓഫീസുകളും ഈ നിർദ്ദേശം പാലിക്കുന്നതായി കാണുന്നില്ല. മാത്രവുമല്ല, അവാർഡുകൾക്ക് വളരെക്കുറച്ച് നോമിനേഷനുകൾ മാത്രമാണ് പലപ്പോഴും ലഭ്യമാക്കാറുള്ളത്. ജില്ലാ ഓഫീസർമാർ വിവിധ അവാർഡുകൾക്ക് അർഹരായ വ്യക്തികൾ/ സ്ഥാപനങ്ങൾ എന്നിവയെ കണ്ടെത്തി പാനൽ ചെയ്തുവക്കുന്നതിന് നിരന്തര ശ്രദ്ധ ചെലുത്തേണ്ടതുണ്ട്. കേന്ദ്ര/സംസ്ഥാന സർക്കാർ നൽകിവരുന്ന വിവിധ അവാർഡുകൾക്കായുള്ള അപേക്ഷകൾ അന്വേഷണം നടത്തി ഈ കാര്യാലയത്തിലേക്ക് അയക്കുമ്പോൾ അന്വേഷണറിപ്പോർട്ടിനോടൊപ്പം അപേക്ഷയുടെ രണ്ട് പകർപ്പുകൾ ലഭ്യമാക്കേണ്ടതാണ്. റിപ്പോർട്ട് ലഭ്യമാക്കുന്നതോടൊപ്പം ജില്ലാ സാമൂഹ്യനീതി ഓഫീസർമാർ അവാർഡ് സംബന്ധിച്ച മാർഗ്ഗ നിർദ്ദേശങ്ങൾ / മാനദണ്ഡങ്ങൾ അപേക്ഷയിൽ പാലിക്കുന്നുണ്ടോയെന്ന് കർശനമായി ഉറപ്പുവരുത്തേണ്ടതും അവാർഡിന്റെ മാനദണ്ഡങ്ങൾ അടിസ്ഥാനപ്പെടുത്തിയുള്ള വിശദമായ അന്വേഷണറിപ്പോർട്ട് വ്യക്തമായ ശുപാർശ സഹിതം ഈ കാര്യാലയത്തിൽ ലഭ്യമാക്കേണ്ടതാണ്. ഇക്കാര്യത്തിൽ വീഴ്ച വരുത്തുന്ന ഉദ്യോഗസ്ഥർക്കെതിരെ കർശനടപടി സ്വീകരിക്കേണ്ടതാണ്.

വിശ്വസ്തതയോടെ

സാമൂഹ്യനീതി ഡയറക്ടർക്കുവേണ്ടി

എല്ലാ ജില്ലാ സാമൂഹ്യനീതി ഓഫീസർമാർക്കും

SK/15